ഉത്തരം

(എ) 95% പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) അവ നീക്കം ചെയ്യുന്നതിനുള്ള ലേല നടപടികൾ പൂർത്തീകരിച്ച് കഴിഞ്ഞു.

(സി) സ്വീകരിക്കാവുന്നതാണ്.

ബസ്സ് ചാർജിന് സെസ്സ്

345 (356) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബസ്സ് ചാർജിന് സെസ്സ് ഏർപ്പെടുത്തിയതു വഴി ഇതുവരെ എത്ര തുകയാണ് സമാഹരിക്കാൻ കഴിഞ്ഞതെന്നും ഈ തുക എന്തിനാണ് ചെലവഴിച്ചതെന്നും അറിയിക്കുമോ ?

ഉത്തരം

ബസ് ചാർജിന് സെസ് ഏർപ്പെടുത്തിയതുവഴി 1-4-2015 മുതൽ 31-10-2015 വരെ 43,47,51,317 രൂപ സമാഹരിച്ചിട്ടുണ്ട്.

യാത്രക്കാർക്കുള്ള അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കൽ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ ഇവയ്ക്കായിട്ടാണ് ടി സെസ് തുക വിനിയോഗിച്ച് വരുന്നത്.

അന്തർ സംസ്ഥാന ബസ് സർവ്വീസ്

346 (357) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഏതെല്ലാം സംസ്ഥാനങ്ങളിലേയ്ക്ക് ബസ് സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ടി സംസ്ഥാനങ്ങളിൽ ഓരോന്നിലേയ്ക്കും എത്ര സർവ്വീസുകൾ വീതം ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്ന് ഡിപ്പോ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേയ്ക്ക് ബസ് സർവ്വീസ് അനുവദിച്ചിട്ടുള്ളത് എന്നും എത്ര ബസുകൾ ഇത്തരത്തിൽ സർവ്വീസ് നടത്തുന്നുണ്ടെന്ന് സംസ്ഥാനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകളിൽ നഷ്ടം വരുത്തിവെക്കുന്നവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേയ്ക്കാണ് കെ.എസ്.ആർ.ടി.സി ബസ് നടത്തിവരുന്നത്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) തമിഴ്നാട്, കർണ്ണാടക, പുതുച്ചേരി എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് കേരളത്തിലേയ്ക്ക് ബസ് സർവ്വീസ് അനുവദിച്ചിട്ടുള്ളത്.

ഇതിൽ കർണ്ണാടകയ്ക്ക് 111 റൂട്ടുകളിലായി 279 ബസ് സർവ്വീസ് നടത്തുന്നതിനും തമിഴ്നാടിന് 139 റൂട്ടുകളിലായി 224 ബസ് സർവ്വീസ് നടത്തുന്നതിനും പുതുച്ചേരിക്ക് 2 റൂട്ടുകളിലായി 2 സർവ്വീസ് നടത്തുന്നതിനും നിലവിലുള്ള അന്തർ സംസ്ഥാന കരാറുകൾ പ്രകാരം അനുവാദമുണ്ട്. നിലവിൽ തമിഴ്നാട്ടിൽ നിന്നും 180 ബസുകളും കർണ്ണാടകയിൽ നിന്നും 160 ബസുകളും പുതുച്ചേരിയിൽ നിന്നും 2 ബസ്സുകളും സർവ്വീസുകൾ നടത്തുന്നു.

(ഡി) അന്തർ സംസ്ഥാന സർവ്വീസുകളിൽ നഷ്ടം വരുത്തിവയ്ക്കുന്ന സർവ്വീസുകൾ ഏതൊക്കെയെന്ന് പ്രത്യേകം തരംതിരിച്ചിട്ടില്ല.

അങ്കമാലി ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടലേലം

347 (358) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.റ്റി.ഡി.എഫ്.സി - കെ.എസ്.ആർ.ടി.സി സംയുക്ത സംരംഭവും കേരളത്തിലെ പൈലറ്റ് പ്രോജക്ടുമായി പ്രവർത്തനമാരംഭിച്ച അങ്കമാലി ബസ്സ് ടെർമിനൽ -കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലെ എത്ര സ്ഥലം ഇനിയും ലേലത്തിൽ പോകേണ്ടതായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സ്ഥലം ലേലത്തിൽ പോകുവാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ഡി) സ്ഥലങ്ങൾ ലേലത്തിൽ പോയ ഇനത്തിൽ ലഭ്യമായിട്ടുള്ള വരുമാനത്തിന്റെ കണക്ക് വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.